**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3618** **02-03-2023 - ൽ മറുപടിയ്ക്ക്**

**മുതിർന്ന പൗരന്മാരുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. ഇ കെ വിജയൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്ന വൃദ്ധജനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്ന വൃദ്ധജനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതായുള്ള ഔദ്യോഗിക റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. |
| (ബി) | വിദേശത്തും സ്വദേശത്തുമുള്ള മക്കൾ ഉപേക്ഷിച്ച പോയ വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിന് വേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | വിദേശത്തും സ്വദേശത്തുമുള്ള മക്കൾ ഉപേക്ഷിച്ചുപോയ വൃദ്ധരായ മാതാപിതാക്കൾക്ക് സ്ഥാപനതല സംരക്ഷണം ആവശ്യമെങ്കിൽ ഓർഫനേജ് കൗൺസിലർമാർ മുഖാന്തിരം വയോജന സംരക്ഷണ കേന്ദ്രങ്ങളിൽ ഇവരെ പുനരധിവസിപ്പിച്ച് വരുന്നുണ്ട്. Maintenance and Welfare of Parents and Senior Citizens Act, 2007-ൽ നിഷ്കർഷിക്കുന്ന പ്രകാരം സംസ്ഥാനത്ത് 27 മെയിന്റനൻസ് ട്രിബ്യൂണൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ട്രിബ്യൂണലുകൾ മുഖേനെ അവരുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നതോടൊപ്പം മക്കളിൽ നിന്നും ജീവനാംശം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. മുതിർന്ന പൗരന്മാരുടെ പരാതികൾ പരിഹരിക്കുന്നതിനായി എൽഡർ ലൈൻ പദ്ധതി നിലവിലുണ്ട്. എൽഡർ ലൈൻ പദ്ധതിയിൽ പ്രവർത്തിക്കുന്ന ഫീൽഡ് തല ഉദ്യോഗസ്ഥർ മുഖേന മക്കൾ ഉപേക്ഷിച്ച് പോയതും അടിയന്തിര സഹായങ്ങൾ ആവശ്യമുള്ളവരുമായ മുതിർന്ന പൗരന്മാർക്ക് ആവശ്യമായ സേവനങ്ങൾ വിവിധ വകുപ്പുകളുടെ സഹായത്തോടെ നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നുണ്ട്.വയോജനക്ഷേമ രംഗത്ത് കേരള സർക്കാർ നടത്തിയ മികച്ച പ്രവർത്തനങ്ങൾക്ക് രണ്ടു തവണ കേന്ദ്ര സർക്കാരിൽ നിന്നും വയോ ശ്രേഷ്ഠ സമ്മാൻ ലഭിച്ചിട്ടുണ്ട്. |
| (സി) | മുതിർന്ന പൗരന്മാരെ താമസിപ്പിക്കുന്നതിനും | (സി) | മുതിർന്ന പൗരന്മാരെ താമസിപ്പിക്കുന്നതിനും |

| | | | |
|---|---|---|---|
| | ചികിത്സയും പരിചരണവും ഉറപ്പാക്കുന്നതിനും വകുപ്പ് മുൻകൈയെടുത്ത് എല്ലാ ജില്ലകളിലും കേന്ദ്രങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | | ചികിത്സയും പരിചരണവും ഉറപ്പാക്കുന്നതിനും വേണ്ടി വകുപ്പിന്റെ കീഴിൽ 14 ജില്ലകളിലായി 16 വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ എൻ ജി ഒകൾ നടത്തുന്ന 619 വയോജന സംരക്ഷണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. |
| (ഡി) | വൃദ്ധരായവർക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ കൃത്യസമയത്ത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | വയോജനങ്ങളുടെ ക്ഷേമം മുൻനിർത്തി വയോജനങ്ങൾക്ക് നേരെയുണ്ടാകുന്ന സ്വാതന്ത്ര്യ നിഷേധം, അവകാശ ലംഘനം, അതിക്രമങ്ങൾ എന്നിവയിൽ ഇടപെട്ട് പരിഹരിക്കുന്നതിനും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും വയോജന ജാഗ്രതസമിതി രൂപീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30/10/2018 ലെ സ.ഉ.(സാധാ) നം. 2776/2018/ തസ്വഭവ പ്രകാരം ഉത്തരവായിരുന്നു. ആയത് പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തുകളിലും വയോജന ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ